തീയതി ഏപ്രിൽ 26,2014

# പ്രചാരണ ഡയറി 26-04-2014

**അരുൺ ജെയ്റ്റ്ലി**

**(പ്രതിപക്ഷ നേതാവ്, രാജ്യ സഭ)**

ഇന്നലെ നരേന്ദ്ര മോദി പഞ്ചാബിൽ അഞ്ചു റാലികളെ അഭിസംബോധന ചെയ്തു. സംസ്ഥാന മുഖ്യമന്ത്രി പ്രകാശ്സിംഗ് ബാദലും ബിജെപി സംസ്ഥാന പ്രസിഡന്റ് കമൽ ശർമ്മയും അദ്ദേഹത്തെ അനുഗമിച്ചു. ഓരോ റാലി യിലും ജനസാന്നിദ്ധ്യം വമ്പിച്ചതായിരുന്നു. ഓരോ റാലികളുടെയും ആവേശവും ജന പങ്കാളിത്തവും ചേർന്ന് മു ന്നേറ്റത്തിന്റെ പരകോടി തീർത്തു. മോദിയുടെ പഞ്ചാബ് പര്യടനം വമ്പിച്ച മാറ്റങ്ങൾക്കിടയാക്കിക്കഴിഞ്ഞു.

മോദിയുടെ സ്വാധീനം ഏറ്റവും പ്രസക്തവും സുവ്യക്തവുമായത് യുവാക്കൾക്കിടയിലാണ്. യുവാക്കളെ സ്വാധീനിക്കാനും അവരിൽ മാറ്റം വരുത്താനുമുള്ള അദ്ദേഹത്തിന്റെ കഴിവ് ശ്രദ്ധേയമാണ്. ഭരണമില്ലായ്മയുടെ അ ന്തരീക്ഷത്തിൽ അദ്ദേഹം പ്രതീക്ഷയുടെ കണികയായിരിക്കുകയാണ്.

ആ റാലികളിൽ പങ്കെടുക്കാത്തവരും അതിന്റെ രഷ്ട്രീയ പ്രസക്തിയും പ്രേരണയും വിശകലനം ചെയ്യു ന്നു. മോദിയുടെ സന്ദർശനം അമൃത്സറിന്റെ മനസു മുഴുവൻ കൈക്കലാക്കി. വാഗ്ദാനം ചെയ്യുന്നത് നൽകാൻ പ്രാ പ്തിയുള്ള നേതാവാണ് മോദിയെന്ന വിശ്വാസം ജനങ്ങൾക്കിടയിൽ ഉണ്ടാക്കാനുള്ള വിശ്വാസത്തിന്റെ തോത് ഉയർ ത്താൻ അദ്ദേഹത്തിനായി. അതുകൊണ്ടുതന്നെ രാഷ്ട്രീയത്തിലെ പ്രതീക്ഷയുള്ള വിഭാഗം അദ്ദേഹത്തിന്റെ പി ന്നിൽ അണിചേരുന്നു.

### ജന. വി. കെ. സിംഗ് അമൃത്സറിൽ

എന്റെ ഒട്ടേറെ തെരഞ്ഞെടുപ്പു പരിപാടികളിൽ ശ്രദ്ധേയമായത് വിമുക്തഭടന്മാരുടെ വമ്പിച്ച സമ്മേളനത്തെ മുൻ സൈനിക മേധാവി ജനറൽ വി.കെ. സിംഗ് അഭസംബോധന ചെയ്തതതാണ്. ഈ പരിപാടിയുടെ സംഘാട കർ കൂടിയായ ഒട്ടേറെ മുൻ സൈനിക ഉദ്യോഗസ്ഥർ സക്രിയരായി മുമ്പുതന്നെ ഉണ്ടായിരുന്നു. ഒരു റാങ്ക് ഒരേ പെൻഷൻ പദ്ധതി നടപ്പാക്കുമെന്ന വാഗ്ദാന പ്രാവർതികമാക്കുന്നതിൽ വന്നിരിക്കുന്ന വീഴ്ചയിൽ മുൻ സൈനികർ ആകെ ക്ഷുഭിതരാണ്. ഈ പ്രഖ്യാപനം വന്നെങ്കിലും അതിന്റെ വിജ്ഞാപനം ഇനിയും സർക്കാർ പുറപ്പെടുവിച്ചിട്ടി ല്ല. ദേശീയ സുരക്ഷ പരമപ്രധാനമായി കാണുന്ന ഈ വിഭാഗം ജനതയെ സംബന്ധിച്ച് യുപിഎ സർക്കാർ ദേശീയ സുരക്ഷക്കാര്യത്തിൽ കാണിക്കുന്ന ദുർബലമായ നയം ഏറെ പ്രതിഷേധാർഹമാണ്. ഭൂരാഷ്ട്രീയത്തിന്റെ വിശകല നം നടത്തുമ്പോൾ വിലയിരുത്താൻ പ്രേരിപ്പിക്കുന്നത് ഇനി അതിർത്തിയിൽ ഉണ്ടാകാൻ പോകുന്ന ഏതു സംഘർ ഷത്തിനും പാക്കിസ്ഥാൻ-ചൈന അച്ചുതണ്ടിന്റെ ബലം ഉണ്ടായിരിക്കുമെന്നാണ്. നമ്മുടെ പ്രതിരോധ തയ്യാറെടു പ്പുകളും ആയുധസംഭരണവും ഏറെ ഗുരുതരമായ വീഴ്ചകൾ നേരിട്ടിട്ടുണ്ട്. എ.കെ. ആന്റണിയുടെ കീഴിൽ പ്രതി രോധ മന്ത്രാലയം അക്ഷരാർത്ഥത്തിൽ ദിശാബോധമില്ലാതെയും നിയന്ത്രണമില്ലാതെയും പോയി.